**അടിയന്തിരം**

നമ്പർ ഇ10/37675/13

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി 07-12-2013

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
തൃശ്ശൂർ.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - പി.എസ്.സി. വെരിഫിക്കേഷൻ തീയതി അറിയിക്കുന്നത് - ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- തൃശ്ശൂർ ജില്ലാ പി.എസ്.സി. ഓഫീസറുടെ 27-11-2013 തീയതിയിലെ RIII (3) 4115/2011 നമ്പർ കത്ത്.

തൃശ്ശൂർ ജില്ലയിലെ 3 ജീവനക്കാരുടെ പി.എസ്.സി. വെരിഫിക്കേഷൻ **17-12-2013 തീയതിയിൽ** നടത്തുന്നതായി സൂചന പ്രകാരം PSC അറിയിച്ചിരിക്കുന്നു. ടി വിവരം അതാത് ജീവനക്കാരെ അറിയിക്കേണ്ടതും പി.എസ്.സി യുടെ കത്തിന്റെ പകർപ്പ് അയച്ചു കൊടുത്തു വെരിഫിക്കേഷൻ വേണ്ടി പ്രസ്തുത തീയതിയിൽ ഹാജരാക്കുന്നതിന് നിർദ്ദേശിക്കണ്ടതുമാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി.

ഉള്ളടക്കം:-
സൂചന കത്തിന്റെ പകർപ്പ്.

JBS/13

വെബ്സൈറ്റ് :www.keralapsc.gov.in
ഇ-മെയിൽ : kpsc@keralapsc.org
ഫോൺ : 2327505

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
## ജില്ലാ ആഫീസ് : തൃശ്ശൂർ

നമ്പർ : RIII(3)4115/2011

തൃശ്ശൂർ
27.11.2013

പ്രേഷിതൻ
ജില്ലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, തൃശ്ശൂർ

സ്വീകർത്താവ്
The Director
Directorate of Social Justice
Vikas Bhavan, Thiruvananthapuram.

സർ,

വിഷയം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ്, തൃശ്ശൂർ - പി.എസ്.സി വഴി നിയമനം ലഭിച്ചവരുടെ വെരിഫിക്കേഷൻ നടത്തുന്നത് സംബന്ധിച്ച്.

സൂചന :- താങ്കളുടെ 1. 25/10/13 തീയതിയിലെ E10-4488/2012
2. 30/10/13 തീയതിയിലെ E6/34817/11(2)
3. 18/10/13 തീയതിയിലെ E10/36337/13നമ്പർ കത്തുകൾ.

- - - - -

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ തൃശ്ശൂർ ജില്ലാ ആഫീസിൽ നിന്നുള്ള നിയമന ശിപാർശ പ്രകാരം താങ്കളുടെ വകുപ്പിൽ/ആഫീസിൽ വിവിധ തസ്തികകളിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള താഴെപറയുന്ന ഉദ്യോഗസ്ഥർക്ക് നിയമന വെരിഫിക്കേഷനായി നിശ്ചിത തീയതിയിലും സമയത്തും കമ്മീഷന്റെ തൃശ്ശൂർ ജില്ലാ ആഫീസിൽ ആവശ്യമായ പ്രമാണങ്ങളുമായി നേരിട്ട് സ്വന്തം ചെലവിൽ ഹാജരാകാൻ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. അടിയന്തിര സാഹചര്യങ്ങളിലൊഴികെ വെരിഫിക്കേഷൻ തീയതിക്ക് മാറ്റം അനുവദിക്കുന്നതല്ല.

ഉദ്യോഗസ്ഥരുടെ സർവ്വീസ് പുസ്തകത്തിൽ പതിച്ചിട്ടുള്ള ഫോട്ടോകളിൽ ആഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതും അവയുടെ കോപ്പികൾ നിയമനാധികാരി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതുമാണ്. കൂടാതെ ബന്ധപ്പെട്ട പേജിൽ വിരലടയാളം രേഖപ്പെടുത്തേണ്ടതുമാണ്. സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ ഒപ്പ്, പേര്, Designation Seal, Office Seal എന്നിവ നിർബന്ധമായും പതിച്ചിരിക്കേണ്ടതുമാണ്.

### വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ട പ്രമാണങ്ങൾ

കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താഴെപ്പറയുന്ന തിരിച്ചറിയൽ രേഖകളിലേതെങ്കിലും (അസ്സലും പകർപ്പും)

1. ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം നല്കുന്ന തിരിച്ചറിയൽ കാർഡ്.
2. തെരഞ്ഞെടുപ്പ് കമ്മീഷൻ നല്കിയ വോട്ടർ കാർഡ്
3. ഡ്രൈവിംഗ് ലൈസൻസ്
4. പാസ്പോർട്ട്
5. കേരള സർക്കാർ സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്ക് നല്കിയ തിരിച്ചറിയൽ കാർഡ്
6. ദേശസാൽകൃത ബാങ്ക് നല്കിയ ഫോട്ടോ പതിച്ച പാസ്സ് ബുക്ക്
7. പാൻകാർഡ്

കൂടാതെ തൃശ്ശൂർ ജില്ലാ പി.എസ്.സി ആഫീസിൽ നിന്നും നൽകിയ എല്ലാ നിയമന ശിപാർശ കത്തുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൂടി ലഭ്യമാക്കണമെന്നും താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, തൃശ്ശൂർ

vas/T7

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | തസ്തികയുടെ പേര് | വെരിഫിക്കേഷൻ തീയതി | സമയം |
|---|---|---|---|---|
| 1 | SULKHI T S | Ayah | 17/12/2013 | 9.30 am |
| 2 | PRAMOD N B | LGS | 17/12/2013 | 9.30 am |
| 3 | NISHA K N | Clerk/Typist | 17/12/2013 | 9.30 am |

വിശ്വസ്തതയോടെ,

ജില്ലാ ഓഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, തൃശ്ശൂർ

vas/T7